# മാതൃകാ ചോദ്യ പേപ്പർ
# പാർട്ട് II മലയാളം
# ഹയർ സെക്കണ്ടറി ഒന്നാം വർഷം

പരമാവധി സ്കോർ: 80
സമയം: രണ്ടര മണിക്കൂർ
സമാശ്വാസ സമയം : 15 മിനിറ്റ്

**I. 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ശരിയായ രണ്ടുത്തരം വീതം തിരഞ്ഞെടുത്തെഴുതുക. സ്കോർ 2 വീതം ( 5x2= 10 )**

1. സാമ്രാജ്യത്വത്തിന്റെ , അധികാരത്തിന്റെ കണ്ണികളായി മത്സ്യം എന്ന കവിതയിൽ പ്രത്യക്ഷപ്പെടുന്ന പ്രതീകങ്ങൾ ഏതൊക്കെ?
   - പരുന്തിൻ കണ്ണുകൾ
   - കടൽത്തിര
   - നക്ഷത്രങ്ങളും അവതരങ്ങളും
   - മണൽത്തരിയോളം പോന്നൊരു മത്സ്യം
2. കായലരികത്ത് എന്ന പാഠഭാഗത്തിന് അനുയോജ്യമായവ
   - നീലക്കുയിൽ
   - കെ രാഘവൻ
   - ഗീതു മോഹൻദാസ്
   - ബാബു കാമ്പ്രത്ത്
3. കേൾക്കുന്നുണ്ടോ എന്ന ഹ്രസ്വ ചിത്രത്തിൽ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ
   - കാഴ്ചയില്ലാത്തവരുടെ അനുഭവലോകം
   - യുദ്ധത്തിന്റെ പരിണിത ഫലങ്ങൾ
   - അശാസ്ത്രീയമായ വികസനം ഉയർത്തുന്ന പ്രശ്നങ്ങൾ
   - പരിസ്ഥിതി സൗഹൃദ കൃഷി രീതി.

4.അരുൾ ഇല്ലാത്ത മനുഷ്യൻ ഏതു പോലെയാണ് ?

- ജീവതാരകം
- നിഷ്ഫല ഗന്ധപുഷ്പം
- മരുവിൽ പ്രവഹിക്കുന്ന അംബു
- പ്രത്യാശ നിറഞ്ഞവൻ

5. മുഹയ്ദ്ദീൻ മാലയുടെ സവിശേഷതകളിൽ പെടുത്താവുന്ന പ്രസ്താവനകൾ ഏവ?

- പടപ്പാട്ട് വിഭാഗത്തിൽ പെടുന്ന കൃതി
- കാലം കൃത്യമായി രേഖപ്പെടുത്തിയ കൃതി
- മാലപ്പാട്ട് വിഭാഗത്തിൽ പെടുന്ന കൃതി
- സ്ത്രീ ജീവിതം ചിത്രീകരിക്കുന്ന കൃതി.

6. ഈ വാസ്തവം എന്റെ സുഹൃത്തുക്കളാരും അറിയുന്നില്ല. അനർഘനിമിഷത്തിൽ പ്രകടമാകുന്ന നായകന്റെ മാനസികാവസ്ഥ സൂചിപ്പിക്കുന്ന പ്രസ്താവന

- ജീവിതത്തെ പ്രണയിക്കുന്ന നായകൻ
- മരണത്തിന് മുഖാമുഖം നിൽക്കുന്ന നായകൻ
- ജീവിതത്തെ അഭിമുഖീകരിക്കുന്ന നായകന്റെ ധർമ്മസങ്കടം
- സുഹൃത്തുക്കളില്ലാത്ത അവസ്ഥ

**II. 7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം ( 3 X 2 = 6 )**

7. പ്രകൃതി സ്നേഹം ലക്ഷ്യമാക്കി നിർമ്മിക്കുന്ന ഡോക്യുമെന്ററി സിനിമയിൽ ഉൾപ്പെടുത്താവുന്ന ഉചിതമായ രണ്ട് ദൃശ്യങ്ങൾ എഴുതുക.

8. ഒ കെ ജോണി നിരീക്ഷിക്കുന്ന ജനപ്രിയ സിനിമകളുടെ രണ്ട് സ്വഭാവ സവിശേഷതകൾ എഴുതുക.

9. പഴുത്ത ഇരുമ്പിൻ കൂടം തട്ടി ആയിരം രൂപങ്ങൾ വളരുന്നു

പഴുത്ത ഇരുമ്പിൽ കൂടം തട്ടി പകൽ പകലാവുന്നു വരികളിൽ തെളിയുന്ന ഏതെങ്കിലും രണ്ട് സൂചനകൾ എഴുതുക.

10. വാസനാവികൃതി എന്ന കഥയിൽ കഥാസന്ദർഭത്തിൽ പ്രയോഗിച്ചിരിക്കുന്ന രണ്ട് പഴഞ്ചൊല്ലുകൾ/ ശൈലികൾ എഴുതുക.

**III. 11 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 4 വീതം ( 6 X 4 = 24)**

11. വാസനാവികൃതി എന്ന കഥയുടെ വായനയിൽ ഏറ്റവും ഹാസ്യാത്മകമായി നിങ്ങൾക്കനുഭവപ്പെട്ട സന്ദർഭങ്ങൾ ഏതൊക്കെ?

12. ശസ്ത്രക്രിയ എന്ന കഥയിൽ ഭൂതകാലത്തെ ബോധപൂർവ്വം പുന:സൃഷ്ടിക്കാനുള്ള അമ്മയു ശ്രമം സൂചിപ്പിക്കുന്ന കഥാസന്ദർഭങ്ങൾ എഴുതുക.

13. ജനപ്രിയ സിനിമകൾ ജനപ്രിയമാകുന്നത് എന്തുകൊണ്ട് ? 4 സൂചനകൾ എഴുതുക

14. നിരന്തരമായുള്ള പരിശ്രമ ഏതൊരാളെയും വിജയത്തിലെത്തിക്കും എന്ന വസ്തുത റിച്ചാർഡ് ബാക്കിന്റെ ജോനാഥൻ എന്ന കഥാപാത്രം സാധൂകരിക്കുന്നുണ്ടോ ?

15. രോഗങ്ങളെ മാത്രം ഭയന്നു ജീവിക്കുന്നവർക്ക് കാട്ടുചോലയിലെ ജലം , മണ്ണ്,വായു സൂര്യപ്രകാശം, കാറ്റ്, മഴ ഒക്കെ അന്യമാണ്. ഇത് ഇന്നത്തെ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെടുത്തി താരതമ്യം ചെയ്യുക.

16. വലക്കണ്ണികൾക്ക് അവനോളം ചെറുതാകാനായില്ല ചൂണ്ടക്കൊളുത്തുകൾക്ക് അവനെപ്പോലെ വളയാനും ഈ വരികൾ മത്സ്യം എന്ന കവിതയിൽ സൃഷ്ടിക്കുന്ന ധ്വന്യാത്മകതലങ്ങൾ എന്തൊക്കെയാണ്?

17. കവികൾ തന്നിഷ്ടം പോലെ ലോകങ്ങൾ ഉണ്ടാക്കുന്നു എന്ന് എം.എൻ.വിജയൻ പറയുന്നതിന് കാരണങ്ങൾ വിശദമാക്കുക

**IV. 18 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 6 വീതം. ( 3 X6=18)**

18. വാടിയ താമരത്തണ്ടു പോലെയുള്ള ആ ശരീരത്തിൽ നിന്നും അപ്പോഴും ജീവനറ്റരുന്നില്ല ലാത്തിയും വെടിയുണ്ടയും എന്ന കഥയിലെ സന്ദർഭ കഥ സൂചിപ്പിക്കുക.

19. സന്ദർശനം എന്ന കവിതയിൽ ബാലചന്ദ്രൻ ചുള്ളിക്കാട് അവതരിപ്പിക്കുന്ന പ്രണയ സങ്കല്പവും ഇന്നത്തെ പുത്യ തലമുറയുടെ പ്രണയ സങ്കല്പവും വ്യത്യസ്തമാക്കുന്നതെങ്ങനെ ? സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

20. പുറപ്പെട്ടേടെത്താണൊരായിരം കാതമവൾ നടന്നിട്ടും. - ഈ വരിയിൽ തെളിയുന്ന സ്ത്രീ ജീവിതാവസ്ഥ വിവരിക്കുക

21. കൃഷ്ണന്റെ ബാല്യകാല സ്മരണകൾ പീലിക്കണ്ണുകളിൽ വർണ്ണിച്ചിരിക്കുന്നത് എങ്ങനെ?

**V. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് 22 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. സ്കോർ 2 വീതം . ( 3 X 2 = 6 )**

വാടാനാം കുറിശ്ശിയിലെ സ്കൂളിനെ കുറിച്ചോർക്കുമ്പോൾ എനിക്ക് ആദ്യം ഓർമ്മ വരുന്നത് അധ്യാപകരെയും ക്ലാസ്സ് മുറികളേയുമല്ല ലക്ഷ്മിയേടത്തിയെയാണ്. അവർ ഉപ്പുമാവ് തന്നില്ലായിരുന്നെങ്കിൽ എനിക്ക് ക്ലാസ്സിലിരിക്കാൻ കഴിയുമായിരുന്നില്ല. എം.എ യ്ക്ക് ഒന്നാം റാങ്ക് കിട്ടിയപ്പോൾ അവർ പറഞ്ഞു.

"എടോ, എന്റെ ഉപ്പുമാവ് തിന്നു പഠിച്ചിട്ടാണ് നിനക്ക് റാങ്ക് കിട്ടിയത് " അതൊരു വലിയ യാഥാർത്ഥ്യമായിരുന്നു. ഭക്ഷണമായിരുന്നു അന്നത്തെ ഏറ്റവും പ്രധാന പ്രശ്നം. ഈയൊരു മാനസികാവസ്ഥയിൽ നിന്ന് കര കയറണമെങ്കിൽ സാമ്പത്തിക സ്വാതന്ത്ര്യം വേണം. സാമ്പത്തിക പരാശ്രിതത്വമുള്ള ഒരാളെ സമൂഹത്തിന് പല നിലയ്ക്കും ബന്ധിക്കാൻ കഴിയും.നിരക്ഷരരായ പട്ടിണി കിടക്കുന്ന അയ്യപ്പനും ചെറോണയും മകനെ സ്കൂളിലേക്കയച്ചത് ഭക്ഷണത്തിനു വേണ്ടിയായിരുന്നു. എനിക്കും അന്ന് ഭക്ഷണം തന്നെയായിരുന്നു വലിയ പ്രശ്നം. (എതിര് - എം.കുഞ്ഞാമൻ)

22. സ്കൂളിനെ കുറിച്ച് ഓർമ്മിക്കുമ്പോൾ ആദ്യം ആരെയാണ് ഓർക്കുന്നത് ?

23. അന്നത്തെ പ്രധാന പ്രശ്നം എന്തായിരുന്നുവെന്നാണ് കുഞ്ഞാമൻപറയുന്നത്?

24. ആരെയാണ് സമൂഹത്തിന് എളുപ്പത്തിൽ ബന്ധിക്കാൻ കഴിയുക ?

**VI. 25 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 8 വീതം. (2X 8 = 16 )**

25. സമകാലീന സ്ത്രീ അവസ്ഥയുമായി ബന്ധപ്പെടുത്തി സ്ത്രീകളുടെ സാമൂഹിക പദവിയെക്കുറിച്ച് ഓർമ്മയുടെ ഞരമ്പ് എന്ന കഥയെ ബന്ധപ്പെടുത്തി ഒരു ഉപന്യാസം തയ്യാറാക്കുക.

26. ഓർമ്മകളുടെ മുന്നോട്ടും പിന്നോട്ടുമുള്ള ഊഞ്ഞാലാട്ടമാണോ ഊഞ്ഞാലിൽ എന്ന കവിത ആസ്വദനം തയ്യാറാക്കുക.

27 .' ബൈസിക്കിൾ തീവ്സ്' എന്ന സിനിമയിലെ കേന്ദ്ര കഥാപാത്രം റിച്ചിയല്ല മകൻ ബ്രൂണോ യാണ് എന്ന അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശകലനം ചെയ്യുക.

**തയ്യാറാക്കിയത്:** റിൻസി അബ്രഹാം, സൗമ്യ .പി.വി, ശ്രീലേഷ്.പി.പി.,സുധ.യു, സന്തോഷ്കുമാർ എൻ., ദീപ.പി, മിനി.ടി.ജെ, സേതു ലക്ഷ്മി.സി.എം, പ്രീത.കെ, ഗ്രീസ്ന. മുമ്പള്ളി